## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

### പ്രവചന കാലയളവ് 24.12.2025 മുതൽ 28.12.2025 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 51/2025 (102) ചൊവ്വാഴ്ച | തീയ്യതി 23/12/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 24.12.2025 | 25.12.2025 | 26.12.2025 | 27.12.2025 | 28.12.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 21 | 21 | 21 | 21 | 21 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 290 | 250 | 250 | 250 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 5 | 3 | 5 | 3 | 3 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതുനിർദേശങ്ങൾ:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് പൂക്കുന്ന പരുവം | ഓലചുരുട്ടിപ്പുഴു | മൂടികെട്ടിയ അന്തരീക്ഷസ്ഥിതി തുടരുമ്പോൾ ഓലചുരുട്ടി പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി. ട്രൈക്കോകാർഡ്ചെറുകഷണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മിലി ക്ലോറൻട്രാനിലിപ്പോൾ പത്ത്ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| വെള്ളരി വർഗ വിളകൾ | മൃദുരോമപൂപ്പൽ | ഉണങ്ങിയതും രോഗബാധയേറ്റതുമായ ഇലകളും വള്ളികളും മുറിച്ചുമാറ്റി നശിപ്പിച്ചതിന്ശേഷം മാങ്കോസെബ് എന്ന കുമിൾ നാശിനി 3 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| ശീതകാലപച്ച ക്കറികൾ | പരിചരണം | കാബേജ്, കോളിഫ്ലവർ എന്നിവയ്ക്ക്മഴയില്ലെങ്കിൽ ഹെഡ് / കർഡ്(ഭക്ഷ്യയോഗ്യമായഭാഗം) രൂപപ്പെടുന്നതുവരെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ആവശ്യാനുസരണം ജലസേചനം നൽകാവുന്നതാണ്. കോളിഫ്ലവറിൻറ്റെ കർഡ്വന്നു തുടങ്ങി പകുതി മൂപ്പെത്തുമ്പോൾ സൂര്യപ്രകാശം ഏറ്റ്നിറം മഞ്ഞളിക്കാതിരിക്കാൻ ചുറ്റുമുള്ള 3-4 ഇലകൾ കൂട്ടിച്ചേർത്തു കെട്ടികൊടുക്കാവുന്നതാണ്. |
| തെങ്ങ് | ചെല്ലികുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കൂമ്പിനു ചുറ്റുമുള്ള 2-3 ഇലകവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലെങ്കിൽ തുല്യ അളവ്മണലും വേപ്പിൻപിണ്ണാക്കും ചേർത്ത്ഇടുക. മണ്ട വൃത്തിയാക്കിയശേഷം 20ഗ്രാം കാർട്ടാപ്പ്ഹൈഡ്രോക്ലോറൈഡ് 4G / ഫിപ്രോനിൽ 0.3G / കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കുമ്പോലക്കു ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക. |

മൃഗസംരക്ഷണം-: കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS, KVASU, Mannuthy)